"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ശ്രീമതി.എൻ ശ്രീവിദ്യ, എൽ.ജി ഹിന്ദി ടീച്ചർ, കാരക്കാട് എസ്.എച്ച്.വി.എച്ച്.എസ്, ചെങ്ങന്നൂർ, ആലപ്പുഴ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21055/2021 മേലുള്ള 05/10/2021 ലെ വിധിന്യായം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2475/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 2829/2021/പൊ.വി.വ തീയതി 24/05/2021.
2. ശ്രീമതി.എൻ ശ്രീവിദ്യ, എൽ.ജി ഹിന്ദി ടീച്ചർ, കാരക്കാട് എസ്.എച്ച്.വി.എച്ച്.എസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21055/2021 മേലുള്ള 05/10/2021 ലെ വിധിന്യായം
3. 20/01/22 ലെ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ A5/3815/2021 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി.എൻ ശ്രീവിദ്യ, എൽ.ജി ഹിന്ദി ടീച്ചർ, കാരക്കാട് എസ്.എച്ച്.വി.എച്ച്.എസ്, ചെങ്ങന്നൂർ, ആലപ്പുഴ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 21055/2021 മേലുള്ള പരാമർശം 2 ലെ വിധിന്യായത്തിൽ ഹർജിക്കാരി, മാനേജർ എന്നിവരെ നേരിൽ കേട്ട് Ext.P11 റിവിഷൻ ഹർജി 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർ ദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 24/01/22 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന നേരിൽ കേട്ടു.

2. 01/06/2015 മുതൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായി ജോലി ചെയ്തു വരുന്ന താൻ 2020 ഡിസംബറിൽ കെ-ടെറ്റ് കാറ്റഗറി III പരീക്ഷ പാസ്സായെങ്കിലും ആയതിന്റെ സർട്ടിഫിക്കറ്റ്, അലഹബാദ് ഹിന്ദി സമ്മേളന്റെ ശിക്ഷാവിശാരദ്, NCTE അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്നും നേടി എന്ന കാരണം പറഞ്ഞ് തടഞ്ഞു വച്ചിരിക്കുന്നുവെന്നും താൻ ശിക്ഷാവിശാരദ്

യോഗ്യത 1998 ൽ നേടിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാമെന്നും അത് പ്രകാരം കെ-ടെറ്റ് സർട്ടിഫിക്കറ്റ് നല്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്നതുമാണ് Ext. P11 റിവിഷൻ ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥനത്തിൽ പരിശോധിച്ചു.

4. ടി സ്കൂളിൽ 01/06/2015 മുതൽ എൽ.ജി ഹിന്ദി അധ്യാപികയായി നിയമനം നേടിയിട്ടുള്ള ഹർജിക്കാരി 2020 ഡിസംബറിൽ കെ-ടെറ്റ് കാറ്റഗറി 3 പരീക്ഷ പാസ്സാകുകയും, ആയതിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തന്റെ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ടിയാരി ട്രയിനിംഗ് യോഗ്യതയായ ശിക്ഷാവിശാരദ് നേടിയിരിക്കുന്നത് അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ, കായംകുളം കേന്ദ്രത്തിൽ നിന്നാണെന്ന് മനസ്സിലാക്കുകയും ചെയ്തു. 17/08/1998 ലെ G.O.(MS) 88/98/GEDN ഉത്തരവ് പ്രകാരം എയ്ഡഡ് യു.പി/ ഹൈസ്കൂൾ നിയമനത്തിനുള്ള ട്രെയിനിംഗ് യോഗ്യതയായി ഹിന്ദി സാഹിത്യ സമ്മേളൻ, പ്രയാഗ്, അലഹബാദ് നൽകുന്ന ശിക്ഷാവിശാരദ് അംഗീകരിച്ചിരുന്നു. പിന്നീട് 31/10/2008 ലെ G.O.(MS)No. 180/08/GEDN ഉത്തരവ് പ്രകാരം ടി അംഗീകാരം മാർച്ച് 2006 മുതൽ പിൻവലിച്ചിരുന്നു. ഇത് സംബന്ധിച്ച് പിന്നീട് സർക്കാർ പുറപ്പെടുവിച്ച 9/2/2010 ലെ G.O.(MS)No. 28/10/GEDN ഉത്തരവ് പ്രകാരം 31/12/2009 വരെ NCTE അംഗീകൃത ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും ശിക്ഷാ യോഗ്യത നേടിയവർക്ക് 31/10/2008 ലെ ഉത്തരവിന്റെ പരിധിയിൽ നിന്നും ഇളവ് നൽകിയിരുന്നു. കേരളത്തിൽ NCTE അംഗീകാരമുള്ള സ്ഥാപനങ്ങൾ (1) ഹിന്ദു പ്രചാരകേന്ദ്ര, തൃശ്ശൂർ, (2) കസ്തൂർബാഗാന്ധി ടീച്ചർ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, (3) കേന്ദ്രീയ ഹിന്ദി മഹാ വിദ്യാലയം പാലക്കാട് എന്നിവയാണെന്നാണ് വിദ്യാഭ്യാസഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവിടെ ഹർജിക്കാരി ശിക്ഷാവിശാരദ് യോഗ്യത നേടിയിട്ടുള്ളത് NCTE അംഗീകാരമില്ലാത്ത കായംകുളത്തെ സ്ഥാപനത്തിൽ നിന്നുമാണ്.

5. 27/08/2020 ലെ ജെ3/18/2000/പൊ.വി.വ. നമ്പർ കത്ത് പ്രകാരം 2006 മാർച്ചിനു മുൻപും NCTE അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നേടിയ ശിക്ഷാവിശാരദ് കോഴ്സ് മാത്രം അംഗീകരിച്ചാൽ മതിയാകും എന്ന് വ്യക്തത വരുത്തിയിട്ടുണ്ടെന്ന കാരണത്താലാണ്

ഹർജിക്കാരിയുടെ കാറ്റഗറി III വെരിഫിക്കേഷൻ നിരസിച്ചതെന്നാണ് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുള്ളത്.

6. ഹർജിക്കാരിയുടെ റിവിഷൻ പെറ്റീഷനിൽ പരാമർശിച്ചിരിക്കുന്ന പരാമർശം 1 ഉത്തരവ് സമാനവിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതായതിനാൽ ടി ആനുകൂല്യം തന്റെ കാര്യത്തിലും ബാധകമാണെന്നാണ് ഹർജിക്കാരി വാദിച്ചിട്ടുള്ളത്. ടി ഉത്തരവിൽ "മാർച്ച് 2006 വരെ ശിക്ഷാവിശാരദ് യോഗ്യത ഏതു സ്ഥാപനത്തിൽ നിന്നും ആയാലും അംഗീകാര യോഗ്യമാണെന്നും സ്ഥാപനത്തിന് അംഗീകാരം വേണമെന്നില്ലായെന്നും, എന്നാൽ 2006 മാർച്ചിനു ശേഷം 31/12/2009 വരെ യോഗ്യത നേടിയാൽ NCTE അംഗീകാരം ഉള്ള സ്ഥാപനത്തിൽ നിന്നും ആയിരിക്കണമെന്ന്" പരാമർശിച്ചിട്ടുണ്ട്. ഹർജിക്കാരി 2006 മാർച്ചിനു മുമ്പ് ശിക്ഷാവിശാരദ് കോഴ്സ് പാസ്സായ ആളായതിനാൽ ടി ഉത്തരവ് പ്രകാരം ഹർജിക്കാരിയും അപേക്ഷ പരിഗണനാർഹമാണന്നാണ് വിദ്യാഭ്യാസ ഉപ ഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 27/08/2020 ലെ J3/18/2020/GEDN കത്ത് പ്രകാരം ഈ വിഷയത്തിൽ നൽകിയിരിക്കുന്ന സ്പഷ്ടീകരണം വ്യത്യസ്തമാണ്.

7. അലഹബാദ് ഹിന്ദി സാഹിത്യസമ്മേളന്റെ ശിക്ഷാ വിശാരദ് കോഴ്സ് എയ്ഡഡ് / സർക്കാർ സ്കൂളുകളിലെ ഹിന്ദി അധ്യാപകനിയമനത്തിനുള്ള പകരം യോഗ്യതയായി അംഗീകരിച്ച നടപടി 2006 മാർച്ച് മുതൽ പ്രാബല്യത്തിൽ പിൻവലിക്കുകയും എന്നാൽ 31/12/09 വരെ NCTE യുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പഠിച്ച് പ്രസ്തുത യോഗ്യത നേടിയവരെ ഇതിൽ നിന്നും 09/02/10 ലെ സ . ഉ ( കൈ ) നം . 28/10/ പൊവിവ പ്രകാരം ഒഴിവാക്കുകയുണ്ടായി

8. 2006 മാർച്ചിന് മുമ്പ് പ്രസ്തുത യോഗ്യത എൻ . സി . റ്റി . ഇ അംഗീകൃത സ്ഥാപനത്തിൽ നിന്നും നേടണമെന്ന വ്യവസ്ഥ ബാധകമാകേണ്ടതുണ്ടോ എന്ന വിഷയത്തിൽ എസ് സി ഇ ആർ ടി ഡയറക്ടറുടെ അഭിപ്രായം തേടുകയും, 09-02-2010-ലെ ജി.ഒ (എം.എസ്) നം.28/2010/പൊവിവ ഉത്തരവിൽ 31/12/2009 വരെ എൻ.സി.റ്റി.ഇ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് ശിക്ഷവിശാരദ് കോഴ്സ് നേടിയവരെ അംഗീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും 01-07-1995 മുതൽ രാജ്യത്ത് എൻ.സി.റ്റി.ഇ ആക്ട് (1993) നിലവിൽ വന്നിട്ടുണ്ടന്നും ആയതിനാൽ 2006 മാർച്ചിന് മുൻപും എൻ.സി.റ്റി.ഇ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നേടിയ ശിക്ഷാ വിശാരദ് കോഴ്സ് മാത്രം അംഗീകരിച്ചാൽ മതിയാകുന്നതാണ് എന്ന വിവരം എസി.സി.ഇ.ആർ.ടി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ്, 01-07-1995 മുതൽ രാജ്യത്ത് എൻ.സി.റ്റി.ഇ ആക്ട് (1993) നിലവിൽ

വന്നിട്ടുള്ളതിനാൽ 2006 മാർച്ചിന് മുൻപും എൻ.സി.റ്റി.ഇ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നേടിയ ശിക്ഷാ വിശാരദ് കോഴ്സ് മാത്രം അംഗീകരിച്ചാൽ മതിയാകുമെന്ന വിവരം 27.8.2020ലെ ജെ3/18/2020 കത്തിലൂടെ പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുള്ളത്.

9. പരാമർശം 1 ഉത്തരവ് പുറപ്പെടുവിച്ചത് 27.8.2020ലെ ജെ3/18/2020 കത്തിലെ നിർദ്ദേശം പാലിക്കാതെയാണ്. 27.8.2020ലെ ജെ3/18/2020 കത്തിലൂടെ 09-02-2010-ലെ ജി.ഒ (എം.എസ്) നം.28/2010/പൊവിവ ഉത്തരവിന് മേൽ സ്പഷ്ടീകരണം നൽകിയ സാഹചര്യത്തിൽ ശ്രീമതി ശ്രീവിദ്യ.എൻ ന്റെ ആവശ്യം പരിഗണിക്കാവുന്നതല്ല

10. മേൽ സാഹചര്യത്തിൽ ശിക്ഷാവിശാരദ് യോഗ്യത 1998 ൽ നേടിയിട്ടുള്ള തിനാൽ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാമെന്നും അതു പ്രകാരം കെ-ടെറ്റ് സർട്ടിഫിക്കറ്റ് നല്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്നുമുള്ള ശ്രീമതി ശ്രീവിദ്യ എൻ - ന്റെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. ഇപ്രകാരം റിട്ട് ഹർജി നം. 21055/2021 മേലുള്ള പരാമർശം 2 ലെ വിധിന്യായം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,മാവേലിക്കര.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, സിവിൽ സ്റ്റേഷൻ, ആലപ്പുഴ- 688001

ശ്രീവിദ്യ.എൻ., എൽ.ജി. ഹിന്ദി ടീച്ചർ, ശ്രീ ഹരിഹരസുധവിലാസം ഹൈസ്കൂൾ, കാരക്കാട്, കാരക്കാട്.പി.ഒ, മുളക്കുഴ, ചെങ്ങന്നൂർ, ആലപ്പുഴ ജില്ല- 689 504

മാനേജർ, ശ്രീ ഹരിഹരസുധവിലാസം ഹൈസ്കൂൾ, കാരക്കാട്, കാരക്കാട്.പി.ഒ, മുളക്കുഴ, ചെങ്ങന്നൂർ, ആലപ്പുഴ ജില്ല- 689 504

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 18-04-2022 13:21:39**

സെക്ഷൻ ഓഫീസർ